(സി) I 26-6-2010

1. 26-6-2010-ൽ വരുമാനത്തിലുണ്ടായ കുറവ് 2,78,95,708 രൂപ.
2. ഇന്ധന ഉപഭോഗത്തിലുണ്ടായ കുറവ് 1,15,16,277 രൂപ.
3. എംപാനൽ ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന വേതനം 15,91,368 രൂപ
4. (2) + (3) ഇനങ്ങളിലായി ചെലവാകാത്ത തുക 1,31,07,645 രൂപ.
5. ബാക്കി - 1,47,88,063 രൂപ.
6. ബസ്സിനുണ്ടായ നാശനഷ്ടങ്ങൾ 61,513 രൂപ
7. ആകെ നഷ്ടം 1,48,49,576 രൂപ.

II 5-7-2010

1. 5-7-2010-ൽ വരുമാനത്തിലുണ്ടായ കുറവ് 3,26,07,405 രൂപ.
2. ഇന്ധന ഉപഭോഗത്തിലെ കുറവ് 1,17,47,822 രൂപ.
3. എംപാനൽ ജീവനക്കാർക്ക് നൽകേണ്ടിയിരുന്ന വേതനം 16,23,366 രൂപ.
4. (2) + (3) ഇനങ്ങളിലായി ചെലവാകാത്ത തുക 1,33,71,188 രൂപ.
5. ആകെ നഷ്ടം 1,92,36,217 രൂപ.

(ഡി) 26-6-2010-ലും 5-7-2010-ലും രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെയായിരുന്നു ഹർത്താൽ. 26-6-2010-ൽ ഹർത്താൽ സമയത്ത് 52 ഷെഡ്യൂളുകളും, 5-7-2010-ൽ ഹർത്താൽ സമയത്ത് 16 ഷെഡ്യൂളുകളും ഭാഗീകമായി ഓടിക്കുകയുണ്ടായി. പോലീസ് സംരക്ഷണം ലഭ്യമായ മുറയ്ക്കാണ് സർവ്വീസുകൾ അയച്ചുതുടങ്ങിയത്. എന്നാൽ പ്രസ്തുത ദിവസങ്ങളിൽ (24 മണിക്കൂറിനുള്ളിൽ) യഥാക്രമം 986-ഉം 827-ഉം ഷെഡ്യൂളുകൾ ഭാഗീകമായി ഓടിച്ചിട്ടുണ്ട്. ആയത് യഥാക്രമം ആകെ ഷെഡ്യൂളിന്റെ 19.68 ഉം 16.51 ഉം ശതമാനമാണ്.

(ഇ) ആക്രമണം ഉണ്ടായിട്ടുണ്ട്. 26-6-2010-ൽ സുൽത്താൻ ബത്തേരി ഡിപ്പോയിലെ RRE 328-ാം നമ്പർ ബസ്സിന് നേരെ ആക്രമണമുണ്ടായി. സാധനങ്ങളുടെ വിലയും പണിക്കൂലിയും ഉൾപ്പെടെ 11513 രൂപയും, 5 ദിവസം ബസ് ഓടിക്കാൻ കഴിയാതിരുന്നതുമൂലം 50000 രൂപയും ഉൾപ്പെടെ ഇതുമൂലം 61513 രൂപ നഷ്ടമുണ്ടായി.

കുടിശ്ശിക ഇനത്തിൽ കെ. എസ്. ആർ. ടി. സി. ക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

209 (3998) ശ്രീ. വി. കെ. ഇബ്രഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെഎസ്ആർടിസിക്ക് സർക്കാരിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയിനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ ; ഏത് വർഷം മുതലുള്ള കുടിശ്ശികയാണ് നിലനിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയെന്തെങ്കിലും പിരിഞ്ഞു കിട്ടാനുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുത്ത് ജീവനക്കാരുടെ ഡി.എ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; അതനുസരിച്ച് എന്ത് തുക പിരിഞ്ഞുകിട്ടി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏറ്റവും പുതിയ കണക്കനുസരിച്ച് ബസുകൾ വാടകയ്ക്ക് നൽകിയ വകയിൽ റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും 4,44,04,529 രൂപയും ബസ് വാറണ്ട് ഇനത്തിൽ പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും 4,64,10,629 രൂപയും പത്ര പ്രവർത്തകർക്ക് പാസ് നൽകിയ ഇനത്തിൽ പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ നിന്ന് 10/2009 വരെ നൽകിയ ഇൻവോയ്സ് അനുസരിച്ച് 7,58,625 രൂപയും, മോട്ടോർ വാഹന വകുപ്പിൽ നിന്ന് ഡീസൽ നൽകിയ ഇനത്തിൽ 7,76,150 രൂപയും, മാനസിക വൈകല്യമുള്ള കുട്ടികൾക്കും അവരെ അനുഗമിക്കുന്ന വർക്കും നൽകുന്ന യാത്രാസൗജന്യ ഇനത്തിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും 15,12,984 രൂപയും, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് വാടക, വൈദ്യുതി, വെള്ളക്കരം തുടങ്ങിയ ഇനത്തിൽ 3,79,99,628 രൂപയും, രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വാടക, വൈദ്യുതി, വെള്ളക്കരം തുടങ്ങിയ ഇനത്തിൽ 83,41,963 രൂപയും, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ നിന്നും വാടക, വൈദ്യുതി, വെള്ളക്കരം തുടങ്ങിയ ഇനത്തിൽ 1,24,15,542 രൂപയും കൂടാതെ പലിശയും ലഭിക്കാനുണ്ട്. പാട്ട ഉടമ്പടി പ്രകാരം [KSRTC-യും KINCO-യും] കാലാവധി സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ 16-1-1978 മുതൽ 500 രൂപ പ്രതിമാസ ലിസ്റ്റ് കുടിശ്ശിക ലഭിക്കാനുണ്ട്. ഈ കാര്യത്തിൽ നിയമ നടപടി നടപ്പാക്കുന്നതിന് ആവശ്യമായ നിയമോപദേശം തേടിയിട്ടുണ്ട്. വളരെ വർഷങ്ങളായുള്ള കുടിശ്ശികയാണ് ഇവയൊക്കെ.

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശികയൊന്നും പിരിഞ്ഞു കിട്ടാനില്ല. എന്നാൽ ബസ് സ്റ്റേഷനുകളിൽ സ്റ്റാളുകളും മറ്റ് കച്ചവട സ്ഥാപനങ്ങളും ലേലം/ടെൻഡർ നടപടികളിലൂടെ നൽകിയതിൽ സ്റ്റാൾ ലൈസൻസികൾ കുടിശ്ശിക വരുത്തിയിട്ടുണ്ട്. 2003-06 കാലഘട്ടത്തിൽ എറണാകുളം ബസ് സ്റ്റേഷനിലെ ലൈസൻസികൾ ആകെ 38,72,872 രൂപയും, തിരു. സെൻട്രൽ ബസ് സ്റ്റേഷനിലെ ലൈസൻസികൾ 80,48,569 രൂപയും കുടിശ്ശിക വരുത്തിയിരുന്നു. ടി ലൈസൻസികൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതേത്തുടർന്ന് എറണാകുളം ബസ് സ്റ്റേഷനിൽ നിന്നും 11,47,902 രൂപ ലഭിച്ചിട്ടുണ്ട്. തിരു. സെൻട്രൽ ബസ് സ്റ്റേഷനിലെ കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവെങ്കിലും തുകകൾ ലഭിച്ചുതുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

(ഡി) പല പ്രാവശ്യം വിവിധ വകുപ്പുകൾക്ക് ബസ് വാടക ഇനത്തിൽ വരുത്തിയ കുടിശ്ശിക അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ട്. ഡി. ജി. പി. യ്ക്കും ബന്ധപ്പെട്ട കളക്ടർമാർക്കും ഇത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ കത്ത് അയച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ നിന്നും കിട്ടുവാനുള്ള തുകയെ സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക ഇനത്തിൽ ആകെ 1,19,21,441 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. ഈ വകയിൽ 11,47,902 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ

210 (3999) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി., കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അംഗീകരിച്ച കരാറിന്റെ വിശദാംശം നൽകുമോ ;

(ബി) കരാർ പ്രകാരം ഓരോ സംസ്ഥാനവും ഇപ്പോൾ എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ നടത്തുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്തർ സംസ്ഥാന ബസ് സർവ്വീസ് സംബന്ധിച്ച് കേരളം കർണ്ണാടകയുമായും തമിഴ്നാടുമായും കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഈ സംസ്ഥാനങ്ങളുമായുള്ള കരാറുകൾ 1976-ലാണ് നിലവിൽ വന്നത്. കരാറുകൾ ക്കനുസൃതമായി സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് മാതൃ സംസ്ഥാനത്ത് മാത്രം നികുതി അടച്ചാൽ മതി. നിലവിൽ അംഗീകരിച്ച അന്തർ സംസ്ഥാന റൂട്ടുകളിൽ വരുന്ന ഒഴിവുകൾ ബന്ധപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗുകൾക്ക് മാത്രമാണ് നൽകുന്നത്. 1976-ൽ കേരള-തമിഴ്നാട് സർക്കാരുകൾ തമ്മിൽ അന്തർ സംസ്ഥാന റോഡ് ഗതാഗത സർവ്വീസുകളെ സംബന്ധിച്ച് രൂപീകരിച്ച കരാർ പ്രകാരമാണ് കേരള-തമിഴ്നാട് മേഖലയിൽ ഇരു സംസ്ഥാന ങ്ങളിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സർവ്വീസുകൾ നടത്തുന്നത്. ടി കരാറിന്റെ തുടർച്ചയായി കാലാകാലങ്ങളിൽ സപ്ലിമെന്ററി കരാറുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ കരാറുകൾ പ്രകാരം ഇരു സംസ്ഥാനങ്ങളിലേയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേയ്ക്ക് നടത്താവുന്ന

LIBRARY ARCHIVES Kerala Legislative Assembly